പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 843      13/06/2012-ൽ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ ;<br>ശ്രീ. വി.റ്റി. ബൽറാം ;<br>ശ്രീ. കെ. ശിവദാസൻ നായർ ; | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്ത് എത്ര എ.പി.എൽ., ബി.പി.എൽ. കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ. | (എ) 2011-12 കാലയളവിൽ 0.37 ലക്ഷം എ.പി.എൽ. കുടുംബങ്ങളും 27.64 ലക്ഷം ബി.പി.എൽ. കുടുംബങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. |
| ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) 2011-12 കാലയളവിൽ 6.99 ലക്ഷം കുടുംബങ്ങൾക്ക് ചികിത്സാ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |
| (സി) യഥാസമയം ഇൻഷുറൻസ് കാർഡ് പുതുക്കാത്തതുമൂലം എത്ര എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി ആനുകൂല്യങ്ങൾ നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) 2011-12 കാലയളവിൽ 1.03 ലക്ഷം എ.പി.എൽ കുടുംബങ്ങൾക്കും 4.85 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്കും കാർഡ് പുതുക്കാത്തത് മൂലം ചികിത്സാനുകൂല്യം നഷ്ടമായിട്ടുണ്ട്. |
| ഡി) ഇൻഷുറൻസ് കാർഡ് യഥാസമയം പുതുക്കുവാൻ സാധിക്കാത്തവർക്ക് കാർഡ് പുതുക്കി ആനുകൂല്യങ്ങൾക്ക് അർഹരാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) കാർഡ് യഥാസമയം പുതുക്കുവാൻ സാധിക്കാത്ത കുടുംബങ്ങൾക്ക് പുതുതായി കാർഡ് എടുക്കുവാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ